109 (253) വൈദ്യുതി ബോർഡിലെ ലാഭകേന്ദ്രങ്ങൾ

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ എത്ര ലാഭകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി ഭരണച്ചെലവ് എത്രമാത്രം വർദ്ധിച്ചിട്ടുണ്ട്;

(സി) ഇവ സ്ഥാപിച്ചതിന്റെ പേരിൽ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കേണ്ടതായി വന്നിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ;

(ഇ) മറ്റ് സംസ്ഥാനങ്ങളിൽ എവിടെയെല്ലാം ലാഭകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്;

(എഫ്) കൂടുതൽ വൈദ്യുതി ഉപയോഗിക്കുംതോറും കൂടുതൽ ചാർജ്ജ് ഈടാക്കുക എന്ന സമീപനമാണോ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ജി) ഇത് വൈദ്യുതി ഉപഭോഗം കുറയ്ക്കുവാനുള്ള പ്രവണത സൃഷ്ടിക്കുകയില്ലേ; കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽനിന്നും സ്ലാബടിസ്ഥാനത്തിൽ വൈദ്യുതിനിരക്ക് കുറയ്ക്കുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) മൂന്ന്

(ബി) ലാഭകേന്ദ്രങ്ങൾ സ്ഥാപിച്ചതുകൊണ്ട് ഭരണച്ചെലവിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

(സി) ഇല്ല

(ഡി) പ്രസക്തമല്ല

(ഇ) മറ്റ് സംസ്ഥാനങ്ങളിൽ ലാഭകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഗാർഹിക വിഭാഗത്തിൽ കുറഞ്ഞ വരുമാനക്കാരുടെ വൈദ്യുതി ഉപയോഗം കുറഞ്ഞും ഉയർന്ന വരുമാനക്കാരുടെ വൈദ്യുതി ഉപയോഗം കൂടിയുമിരിക്കും എന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് കുറഞ്ഞ ഉപയോഗമുള്ളവർക്ക് കുറഞ്ഞ നിരക്കും കൂടിയ ഉപയോഗമുള്ളവർക്ക് കൂടിയ നിരക്കും ഈടാക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

(ജി) വൈദ്യുതി ഉപഭോഗം കൂടുമ്പോൾ കൂടുതൽ വൈദ്യുതി ചാർജ്ജുടയ്ക്കേണ്ടി വരുന്നതിനാൽ ഉപഭോഗം കുറയ്ക്കാനുള്ള പ്രവണതയുണ്ടാകും. കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നും സ്ലാബടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ഈടാക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly